**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1465** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരുടെ ക്ഷേമത്തിനുള്ള നടപടികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധി അടക്കാൻ ഉടമയുടെ സഹായമില്ലാത്തതു മൂലം ക്ഷേമനിധി തുക അടക്കാൻ കഴിയാതെവന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പ്രസ്തുത മേഖലയിലെ ജീവനക്കാർക്ക് ഇരിപ്പിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 2018 – ലെ കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) നിയമത്തിൽ വകുപ്പ് 21 (ബി) യിൽ തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തണമെന്ന വ്യവസ്ഥ നിലവിലുണ്ട്. ആയതനുസരിച്ച് തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ സ്ഥാപനപരിശോധന നടത്തുന്ന വേളയിൽ ഇക്കാര്യം ഉറപ്പുവരുത്താറുണ്ട്. പ്രസ്തുത സൗകര്യം നൽകിയിട്ടില്ലാത്ത തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് നൽകി ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും തുടർന്നും ടി വ്യവസ്ഥ പാലിക്കാതിരിക്കുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ ഇരിപ്പിട സൗകര്യം അനുവദിക്കാത്തത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് 2) മാർ നേരിട്ട് അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ